"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്- കമ്പനി സെക്രട്ടറി തസ്തികയിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവാകുന്നു.

---

**വ്യവസായ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.390/2025/ID തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:- 1. 30.09.2023-ലെ സ.ഉ(സാധാ) നം. 1012/2023/വ്യവ

2. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 05/12/2024-ലെ ജി.എം.പി.എ /18/1229/24 നമ്പർ കത്ത്.

**ഉത്തരവ്**

.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിലെ കമ്പനി സെക്രട്ടറി തസ്തികയിൽ കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തുന്നതുവരെ അല്ലെങ്കിൽ ഒരു വർഷത്തേയ്ക്ക് താൽകാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കമ്പനിക്ക് പുതിയ സ്റ്റാഫ് പാറ്റേൺ രൂപീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൽ കമ്പനി സെക്രട്ടറി തസ്തിക ഉൾപ്പെട്ടിട്ടുണ്ട്. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുഖേന കമ്പനി സെക്രട്ടറിയെ നിയമിക്കുന്നത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കെൽ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെല്ലിലെ കമ്പനി സെക്രട്ടറി തസ്തികയിൽ ഒരു വർഷത്തേക്കോ അല്ലെങ്കിൽ കമ്പനിയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിന് ശേഷം കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ്

ബോർഡ് മുഖേന നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ താൽകാലികാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ പരാമർശം (1 )പ്രകാരം നൽകിയിരുന്ന അനുമതിയുടെ കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത്കുമാർ എ
അണ്ടർ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, തിരുവാങ്കുളം വഴി, മാമല.പി.ഒ, കൊച്ചി, എറണാകുളം,
മെമ്പർ സെക്രട്ടറി, ബോർഡ് ഫോർ പബ്ളിക് സെക്ടർ ട്രാൻസ്ഫോർമേഷൻ, ഉദാരശിരോമണി റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം,
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ),
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya Y V
Date: 05-04-2025 15:52:45
സെക്ഷൻ ഓഫീസർ